# ദൈവീക സാന്നിധ്യം

## യോശുവ 5:13

"യോശുവ യെരീഹോവിന്നു സമീപത്തു ഇരിക്കുമ്പോൾ തല ഉയർത്തി നോക്കി; ഒരു ആൾ കയ്യിൽ വാൾ ഊരിപ്പിടിച്ചുകൊണ്ടു അവന്റെ നേരെ നിലക്കുന്നതു കണ്ടു."

യെരീഹോവിനു സമീപത്തിരിക്കുന്നതായ യോശുവ. യോർദ്ദാനിലെ വെള്ളം വറ്റിച്ചു നടത്തിയ അനുഭവങ്ങൾ ഉൾപ്പെടെ, മുന്നിലുണ്ടായിരുന്ന പ്രതികൂലങ്ങളെയും, ശത്രുപോരാട്ടങ്ങളെയും, കീഴ്പ്പെടുത്തി മുന്നേറിയതായ യോശുവാ, ഇപ്പോൾ യെരീഹോവിനു, അഥവാ ഇനി മുമ്പിൽ നിൽക്കുന്ന അടുത്ത ശോധന അഥവാ പ്രതികൂല ശക്തിയുടെ സമീപത്തായിരിക്കുന്നു.

Joshua 6:1- ാം വാകൃത്തിൽ വായിക്കുന്നു. "എന്നാൽ യെരീഹോവിനെ യിസ്രായേൽ മക്കളുടെ നിമിത്തം അടച്ചു ഉറപ്പാക്കിയിരുന്നു." ജയിച്ചു കീഴടക്കേണ്ട ശക്തിയെ നേരിടാൻ യാതൊരു അനുകൂല സാധ്യതകളും ഇല്ലാതെ നിൽക്കുന്ന യോശുവായുടെ മുമ്പിൽ ഒരു പുരുഷൻ പ്രത്യക്ഷപ്പെടുന്നു. ശത്രുപക്ഷക്കാരനെന്നോർത്ത് ആകുലതയോടെ പ്രതികരിക്കുന്ന തനിക്ക് ദൈവദൂതന്റെ സാന്നിധ്യമാണ് തിരിച്ചറിയാൻ കഴിഞ്ഞത്. ഊരിപ്പിടിച്ച വാളുമായി തന്റെ സഹായത്തിന് ദൈവം കല്പിച്ചാക്കിയതായ സാന്നിധ്യം. എത്ര അതിശയം.

കടന്നു പോകേണ്ടതായ, വെല്ലുവിളികളെ, അത് നേരിടുന്നതിനു മുമ്പെ തന്നെ, ജയിപ്പിക്കുവാൻ മതിയായ സമീപത്തുള്ള ദൈവീകസാന്നിധ്യമാണ് നമുക്ക് ദർശിക്കാൻ കഴിയുന്നത്. ഇത് യോശുവായുടെ മാത്രമല്ല. ഓരോ ദൈവമക്കളുടെയും സ്വന്തം ആകുന്നു. യോശുവയ്ക്ക് ദൈവപുരുഷനെ ആദ്യം മനസ്സിലാകുന്നില്ല. അതുപോലെ തന്നെ ആകുന്നു ഇന്ന് നമ്മുടെയും അവസ്ഥ. പലപ്പോഴും ഏറ്റം അടുത്ത ദൈവികസാന്നിധ്യം ഉറപ്പാക്കി തന്നിട്ടും തിരിച്ചറിയാൻ കഴിയാതെ യെരീഹോവിന്റെ മുമ്പിൽ നിരാശയോടെ ഇരിക്കുന്ന അനുഭവം അല്ലേ. എങ്ങനെ തകരും, അഥവാ തകർക്കും എന്ന ഭയം ആണ് പലപ്പോഴും നമ്മെ ഭരിക്കുന്നത്. എന്നാൽ തകർത്തു കളയേണ്ട കോട്ടകൾ തമ്പുരാന് നന്നായി അറിയാം. ഇതുവരെ നടത്തിയ ജീവിതാനുഭവങ്ങൾ ഓർത്താൽ മാത്രം മതിയല്ലോ. അതെ, യോർദ്ദാൻ വറ്റിച്ചവന് അറിയാം, തുടർന്നുള്ള മതിലുകളെയും കോട്ടകളെയും തകർത്തു കളയുവാനും. എന്നാൽ ഊരിപ്പിടിച്ച വാളുമായി യെരീഹോവിനു അടുത്തുള്ള ദൈവിക സാന്നിദ്ധ്യം നാം ഉറപ്പാക്കണം.

സങ്കീ. 91:11–ാം വാക്യം നമുക്കേവർക്കും അറിയാവുന്നതുപോലെ "നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും." പ്രത്യേക സന്ദർഭങ്ങളിൽ മാത്രമല്ല സകല വഴികളിലും തന്റെ മക്കളുടെ സുരക്ഷിതത്വം അവൻ മുന്നമെ ഒരുക്കിയിരിക്കുന്നു. ഓരോ ദിനവും, ഓരോ നിമിഷവും, ജീവിതത്തെ അഭിമുഖീകരിക്കാം. ചെറുതോ, വലുതോ ആകട്ടെ, ബലഹീനമോ, ശക്തമോ ആകട്ടെ സകലവും ജയത്തോടെ നേരിടുവാൻ ദൈവീകസാന്നിധ്യം നമ്മെ ശക്തീകരിക്കട്ടെ, സഹായിക്കട്ടെ.

പരാമർശം :

ഉല്പത്തി 28:15

ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 043**